ഉത്തരം

(എ) 255 വാഹനങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്.

(ബി) 38,28,336 രൂപയുടെ വനോൽപ്പന്നങ്ങൾ കണ്ടെടുത്തിട്ടുണ്ട്.

(സി) 1937 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശിക്ഷിച്ചിട്ടുള്ള കേസുകളുടെ വിവരം ശേഖരിച്ചുവരുന്നു.

വനം വകുപ്പു വിജിലൻസിനു ലഭിച്ച പരാതികൾ

2021 [3131] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനം വകുപ്പു മന്ത്രി സഭയേ മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം വകുപ്പു വിജിലൻസിന് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്;

(ബി) അതിൽ എത്ര എണ്ണത്തിൻമേൽ അന്വേഷണം നടത്തിയിട്ടുണ്ട്?

ഉത്തരം

(എ) 3995

(ബി) 3614

അനധികൃതമായി തടികൾ മുറിച്ചുനീക്കം ചെയ്യൽ

2022 [3132] ശ്രീമതി കെ. ആർ. ഗൗരി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വനംവകുപ്പു മന്ത്രി സഭയേ മറുപടി നൽകുമോ:

(എ) തൊണ്ടി തടികൾ നീക്കം ചെയ്യാനുള്ള പാസ്സുകൾ ഉപയോഗിച്ച് അനധികൃതമായി തടികൾ മുറിച്ചു നീക്കം ചെയ്ത വകയിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപയുടെ തടികൾ പിടിക്കപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(സി) തൽഫലമായി സർക്കാരിനുണ്ടായ നഷ്ടമെത്ര?

ഉത്തരം

(എ) 17,600 രൂപ വിലയ്ക്കുള്ള തടികൾ.

(ബി) രണ്ടു കേസ്സുകൾ.

(സി) അനധികൃതമായി മുറിച്ചുനീക്കം ചെയ്ത തടികൾ പിടിച്ചെടുത്തതുകൊണ്ട്; അവയുടെ വില നഷ്ടമായി കണക്കാക്കാറില്ല.

LIBRARY ARCHIVES Kerala Legislative Assembly